## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4406 — 19.10.2011 - ൽ മറുപടിയ്ക്ക്

## കർഷക കടാശ്വാസ കമ്മീഷന് അനുവദിച്ച തുക

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ: ജി.എസ്. ജയലാൽ. | | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) | കർഷക കടാശ്വാസ കമ്മീഷനിൽ ആനുകൂല്യം ലഭ്യമാക്കുന്നതിലേയ്ക്കായി ലഭിച്ച എത്ര അപേക്ഷകൾ ഇനി തീർപ്പു കൽപ്പിക്കുവാനായി അവശേഷിക്കുന്നുണ്ട്;<br>വിശദാംശം അറിയിക്കുമോ ; | എ) | നിശ്ചിത സമയപരിധിയായ 31.5.2009 നകം ലഭിച്ചിട്ടുള്ള അപേക്ഷകളിൽ 2,19,949 അപേക്ഷകൾ തീർപ്പാക്കാനായി അവശേഷിക്കുന്നുണ്ട്. |
| ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം കർഷക കടാശ്വാസ കമ്മീഷന് എത്ര രൂപ നൽകുകയുണ്ടായി എന്ന് അറിയിക്കുമോ ; | ബി) | ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ 58ലക്ഷം രൂപ സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി നൽകിയിട്ടുണ്ട്. |
| സി) | ഏതൊക്കെ വിഭാഗത്തിൽപ്പെട്ട വർക്കാണ് കർഷക കടാശ്വാസ കമ്മീഷനിൽ നിന്നും സഹായം നൽകി വരുന്നത്; സഹായം നൽകുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്? | സി) | 2006 ലെ കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ ആക്ട് അനുസരിച്ച് 4 ഹെക്ടറിൽ കവിയാത്ത വിസ്തീർണ്ണമുള്ള ഭൂമി കൈവശം വച്ചിരിക്കുകയും വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ കവിയാത്തതും കൃഷി പ്രധാന ഉപജീവനമാർഗ്ഗ മായിരിക്കുകയും ചെയ്യുന്ന ഒരാൾ സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ നിലവിൽ വരുന്നതിന് മുമ്പ് കാർഷികാവശ്യത്തിനോ കാർഷികാനുബന്ധ വാണിജ്യ ആവശ്യത്തിനോ എടുത്തിട്ടുള്ള |

വായ്പകളിലാണ് കടാശ്വാസം അനുവദിക്കുന്നത്. 31.5.2009 നകം നിർദ്ദിഷ്ട 'സി 'ഫോറത്തിൽ കമ്മീഷനിൽ സമർപ്പിച്ച അപേക്ഷകളാണ് കടാശ്വാസം നൽകുന്നതിനായി പരിഗണിക്കുന്നത്. കടാശ്വാസം ശിപാർശ ചെയ്യുമ്പോൾ അതാതു പ്രദേശങ്ങളിൽ കഴിഞ്ഞ 5 വർഷങ്ങളിലുണ്ടായ പ്രകൃതി ക്ഷോഭങ്ങളും തൽഫലമായുണ്ടായ കെടുതികളും പരിഗണിക്കുന്നതാണ്. അപേക്ഷകന് സംഭവിച്ച കൃഷിനാശം സംബന്ധിച്ച് കൃഷി ഓഫീസറുടെ റിപ്പോർട്ട് പരിശോധിച്ചാണ് അപേക്ഷകളിൽ തീരുമാനം എടുക്കുന്നത്. കടത്തുക 50,000/- രൂപയോ അതിൽ കുറവോ ആയിരിക്കുന്ന സംഗതിയിൽ 75 ശതമാനവും, 50,000/- രൂപയിൽ കൂടുതലായിരിക്കുന്ന സംഗതിയിൽ 50 ശതമാനത്തിൽ അധികരിക്കാത്ത തുകയോ അല്ലെങ്കിൽ 1 ലക്ഷം രൂപയോ, ഏതാണോ കുറവ് ആ തുകയുമാണ് കടാശ്വാസമായി അനുവദിക്കുന്നത്.

സെക്ഷൻ ഓഫീസർ